LIBRARY ARCHIVES Kerala Legislative Assembly

അസ്ഥിവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്കും പരീക്ഷാ സഹായിയും

44 (5113) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വൈകല്യങ്ങളുള്ള വിദ്യാർത്ഥികൾക്ക് പൊതു പരീക്ഷകളിലും പ്രവേശനപരീക്ഷകളിലും നൽകുന്ന ഇളവുകളും ആനുകൂല്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) കാഴ്ചവൈകല്യമുള്ള കുട്ടികൾക്ക് ഗ്രേസ്മാർക്കും പരീക്ഷകളിൽ സഹായിയെയും നൽകുമ്പോൾ അസ്ഥിവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഇപ്രകാരം നൽകാത്തത് എന്തുകൊണ്ടാണെന്നു പറയാമോ ;

(സി) അസ്ഥി സംബന്ധമായ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക്, ക്ലാസ്സിൽ കൃത്യമായി ഹാജരാകുവാൻ കഴിയാതെ വരുന്നതുമൂലം പഠനത്തിൽ പിന്നോക്കം പോകുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത വിദ്യാർത്ഥികൾക്ക് മാതാപിതാക്കളുടെയും സഹപാഠികളുടെയും സഹായമുണ്ടെങ്കിൽ മാത്രമെ ക്ലാസ്സിൽ എത്താനാവുകയുള്ളുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത വിദ്യാർത്ഥികൾക്ക് ശാരീരിക വിഷമതകൾമൂലം ക്ലാസുകൾ മുടങ്ങി, പഠന നിലവാരത്തിൽ പിന്നാക്കമാകുന്നത് പരിഹരിക്കുവാനും ഇപ്രകാരമുള്ള വിദ്യാർത്ഥികളെ സഹായിക്കുവാനും പരീക്ഷകളിൽ സഹായിയെ അനുവദിക്കുന്നതിനും ഗ്രേസ്മാർക്ക് നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള പരീക്ഷാഭവൻ നടത്തുന്നതും പൊതുപരീക്ഷ എഴുതുന്നതുമായ 40 ശതമാനമോ അതിലധികമോ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് താഴെപ്പറയുന്ന പരീക്ഷാനുകൂല്യങ്ങൾ നൽകിവരുന്നു :

എസ്.എസ്.എൽ.സി.-എസ്.എസ്.എൽ.സി. തുല്യതാ പരീക്ഷ

കാഴ്ചവൈകല്യം : ഒരു മണിക്കൂറിന് 10 മിനിറ്റ് അധിക സമയം, സ്ക്രൈബിന്റെ സേവനം, ചിത്രം, ഗ്രാഫ്, ജ്യോമെട്രിക്കൽ ഫിഗേഴ്സ് എന്നീ ചോദ്യങ്ങളിൽനിന്നും ഒഴിവാക്കൽ, ആവശ്യമെങ്കിൽ കണക്ക് വിഷയം ഒഴിവാക്കി പകരം വൊക്കേഷണൽ വിഷയം തെരഞ്ഞെടുക്കുവാനുള്ള അവസരം എന്നിവ നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രവണ വൈകല്യം</u> : ഒരു മണിക്കൂറിന് 10 മിനിറ്റ് അധികസമയം വ്യാഖ്യാതാവിന്റെ സേവനം, 25 ശതമാനം ഗ്രേസ്മാർക്ക്, ആവശ്യപ്പെടുന്നുവെങ്കിൽ ഹിന്ദി ഭാഷയും ഇംഗ്ലീഷ്/മലയാളം ഇവയിൽ ഏതെങ്കിലും ഒരു ഭാഷയും ഒഴിവാക്കി പകരം വൊക്കേഷണൽ വിഷയങ്ങൾ തെരഞ്ഞെടുക്കാവുന്നതാണ്.

<u>അസ്ഥിസംബന്ധമായ വൈകല്യം</u> : ഒരു മണിക്കൂറിന് 10 മിനിറ്റ് അധികസമയം ആവശ്യമെങ്കിൽ സ്ക്രൈബിന്റെ സേവനം, ചിത്രം, ഗ്രാഫ്, ജ്യോമെട്രിക്കൽ ഫിഗേഴ്സ് എന്നീ ചോദ്യങ്ങളിൽ നിന്നും ഒഴിവാക്കൽ എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നു.

<u>ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ</u> : ഒരു മണിക്കൂറിന് 10 മിനിറ്റ് അധികസമയം, 25 ശതമാനം ഗ്രേസ് മാർക്ക്, സ്ക്രൈബ് അഥവാ ഇന്റർപ്രട്ടറുടെ സേവനം, ചിത്രം, ഗ്രാഫ്, ജ്യോമെട്രിക്കൽ ഫിഗേഴ്സ് എന്നീ ചോദ്യങ്ങളിൽ നിന്നും ഒഴിവാക്കൽ, ആവശ്യമെങ്കിൽ ഹിന്ദി ഭാഷയും ഇംഗ്ലീഷ്/മലയാളം ഇവയിൽ ഏതെങ്കിലും ഒരു ഭാഷയും ഒഴിവാക്കി പകരം വൊക്കേഷണൽ വിഷയങ്ങൾ തെരഞ്ഞെടുക്കാവുന്നതാണ്.

<u>പഠന വൈകല്യം</u> : അധികസമയം, ആവശ്യമെങ്കിൽ സ്ക്രൈബ് അഥവാ ഇന്റർപ്രട്ടറുടെ സേവനം എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നു.

<u>ഡി.എഡ്.</u> : ഡി.എഡ്. പരീക്ഷയിൽ അസ്ഥിസംബന്ധമായ വൈകല്യമുള്ളവർക്കും കാഴ്ച വൈകല്യമുള്ളവർക്കും അധികസമയവും ആവശ്യമെങ്കിൽ സ്ക്രൈബിന്റെ സേവനവും അനുവദിച്ചുവരുന്നു. ചിത്രം, ഗ്രാഫ്, ജ്യോമെട്രിക്കൽ ഫിഗേഴ്സ് എന്നീ ചോദ്യങ്ങളിൽ നിന്നും ഒഴിവാക്കുന്നു.

<u>കെ.ജി.ടി.ഇ. ടൈപ്പ് റൈറ്റിംഗ്</u> :

അസ്ഥിസംബന്ധമായ വൈകല്യം: അധികസമയം

ശ്രവണവൈകല്യം: 25 ശതമാനം ഗ്രേസ് മാർക്ക്

<u>എൽ.എസ്.എസ്./യു.എസ്.എസ്.</u> :

കാഴ്ചവൈകല്യം : 10 മിനിറ്റ് അധികസമയം, സ്ക്രൈബിന്റെ സേവനം

അസ്ഥിസംബന്ധമായ വൈകല്യം : 10 മിനിറ്റ് അധികസമയവും ആവശ്യമെങ്കിൽ സ്ക്രൈബിന്റെ സേവനവും

(ബി) കാഴ്ചവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നില്ല. ബുദ്ധിപരമായും ഭാഷാപരമായും പരിമിതികൾ ഉള്ള (HI,MR) വിഭാഗം കുട്ടികൾക്കാണ് ഗ്രേസ് മാർക്ക് നൽകിവരുന്നത്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അസ്ഥി സംബന്ധമായ വൈകല്യമുള്ള കുട്ടികളെ സ്കൂളിൽ കൊണ്ടുവരുന്നതിന് 8-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് പ്രതിവർഷം 750 രൂപ സംസ്ഥാന സർക്കാരും 9-ാം ക്ലാസ്സു മുതൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് 850 രൂപ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.ഇ.ഡി.എസ്. എസ്.-ൽ ഉൾപ്പെടുത്തി എസ്കോർട്ട് അലവൻസായി നൽകിവരുന്നുണ്ട്. കൂടാതെ ആയയുടെ സേവനവും നൽകിവരുന്നു. പരീക്ഷകളിൽ അധികസമയത്തിനുപുറമേ എഴുതാൻ ബുദ്ധിമുട്ടുള്ളവർക്ക് സ്ക്രൈബിന്റെ സേവനവും ലഭ്യമാക്കാറുണ്ട്. ബുദ്ധിപരമായ പ്രശ്നങ്ങൾ ഉള്ളവർക്കാണ് ഗ്രേസ് മാർക്ക് അനുവദിച്ചുവരുന്നത്.

ദേശീയ സ്കൂൾ മീറ്റ് വിഭജനം

45 (5114) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സ്കൂൾ മീറ്റ് വിഭജിക്ക (ആൺ-പെൺ)പ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത തീരുമാനം നടപ്പാക്കിയാൽ കേരളത്തിന് തിരിച്ചടിയാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പെൺകുട്ടികളുടെ മികവിലാണ് കഴിഞ്ഞ കുറേ വർഷങ്ങളായി കേരളം ദേശീയ സ്കൂൾ കിരീടം നേടി വരുന്നതെന്നകാര്യം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ദേശീയ സ്കൂൾ മീറ്റുകൾ നടത്തുന്നതിനുള്ള സമയക്രമവും മീറ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട പൊതുവായ തീരുമാനങ്ങളും തീരുമാനിക്കുന്നത് സ്കൂൾ ഗെയിംസ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ വച്ചാണ്. സ്കൂൾ ഗെയിംസ് നടത്തിപ്പിന്റെ പൂർണ്ണ അധികാരി സ്കൂൾ ഗെയിംസ് ഫെഡറേഷൻ ഓഫ് ഇന്ത്യ ആണെന്നതിനാൽ അവിടെനിന്നും നൽകുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാൻ മാത്രമേ സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന് കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly